| | നിലയം/ സ്ഥാപനം | | വില രൂപ/ യൂണിറ്റ് |
|---|---|---|---|
| 6. | നെയ്വേലി ലിഗ് നൈറ്റ് സ്റ്റേജ്-II | .. | 2.08 |
| 7. | നെയ്വേലി ലിഗ് നൈറ്റ് എക്സ്പാൻഷൻ | .. | 1.66 |
| 8. | മദ്രാസ് ആറ്റോമിക് പവർ സ്റ്റേഷൻ | .. | 2.25 |
| 9. | കൈഗ അറ്റോമിക് പവർ സ്റ്റേഷൻ | .. | 3.57 |
| 10. | അൺ ഷെഡ്യൂൾഡ് ഇന്റർ ചെയ്ഞ്ച് | .. | 2.06 |
| 11. | ബി. എസ്. ഇ. എസ്. | .. | 4.10 |
| 12. | കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ് | .. | 4.16 |

(ബി) 2003-04 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താക്കളിലെത്തുമ്പോൾ പ്രസരണ വിതരണ ചെലവും നഷ്ടവും ഉൾപ്പെടെ ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി രൂപ 4.22 ചെലവ് ആകുന്നു. വൈദ്യുത ബോർഡ് ഒരു യൂണിറ്റ് വൈദ്യുതി ലോ ടെൻഷൻ വ്യവസായ ഉപഭോക്താവിന് നൽകുമ്പോൾ 4 രൂപ 7 പൈസയും എച്ച്. ടി./ഇ.എച്ച്.ടി വ്യവസായിക ഉപഭോക്താവിന് 3 രൂപ 91 പൈസയും ലഭിക്കുന്നു. അതായത് എൽ. ടി. വ്യവസായിക കൺസ്യൂമർക്ക് വിൽക്കുമ്പോൾ 15 പൈസയും എച്ച്. ടി. ഇ. എച്ച്. ടി. കൺസ്യൂമർക്ക് വിൽക്കുമ്പോൾ 31 പൈസയും ബോർഡിന് യൂണിറ്റൊന്നിന് നഷ്ടം സംഭവിക്കുന്നു.

(സി) ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ശരാശരി 1 രൂപ 76 പൈസയാണ് യൂണിറ്റൊന്നിന് ലഭിക്കുന്നത്. ഒരു യൂണിറ്റ് വൈദ്യുതി ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുമ്പോൾ ബോർഡിന് 2 രൂപ 46 പൈസയുടെ നഷ്ടമുണ്ടാകുന്നു.

## ഇടുക്കി ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

19 [2636] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വോൾട്ടേജ് ക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ ഇത് പരിഹരിക്കുന്നതിന് മേഖല തിരിച്ച് ഏതെല്ലാം വർക്കുകളാണ് കെ.എസ്.ഇ.ബി. ഏറ്റെടുത്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രാജകുമാരി സെക്ഷന്റെ കീഴിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിന് അനുവാദം നൽകിയ വർക്കുകൾ എത്രയാണ്; ഇവയ്ക്ക് അനുമതി നൽകിയത് ഏത് രീതിയിലാണ്;

(സി) പ്രസ്തുത വർക്കുകൾ എന്ന് ആരംഭിച്ചിട്ട് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പൊൻമുടി ഫീഡറിൽനിന്ന് രാജകുമാരി, ശാന്തൻപാറ, സേനാപതി എന്നീ മേഖലകളിലേക്ക് ലൈൻ വലിക്കുന്നതിന് നിലവിൽ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ; എങ്കിൽ എവിടെ നിന്ന് എവിടെവരെയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ വോൾട്ടേജ് ക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ ഇത് പരിഹരിക്കുന്നതിന് കെ. എസ്. ഇ. ബി. ഏറ്റെടുത്തിട്ടുള്ള വർക്കുകൾ മേഖല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നാലെണ്ണം.

മുരിക്കും തൊട്ടി-മുളംതണ്ട്—10/2001

കൊച്ച് മുല്ലക്കാനം—10/2001

വലിയകണ്ടം-രാജക്കണ്ടം ഈസ്റ്റ്—10/2001

പന്നിയാർ എസ്റ്റേറ്റ്—4/2002

(സി) സാധന സാമഗ്രികളുടെ ലഭ്യത അനുസരിച്ച് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ്.

(ഡി) NR സിറ്റി മുതൽ രാജകുമാരി വരെ 6 കി. മി. 11 കെ. വി. ലൈൻ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ കെ. എസ്. ഇ. ബി. നിയമനം

20 [2637] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ. എസ്. ഇ. ബി.-യുടെ കീഴിൽ വരുന്ന വിവിധ ഓഫീസുകളിൽ ഏതെല്ലാം കാറ്റഗറിയിലുള്ള ജീവനക്കാരുടെ തസ്തികകൾ ഉണ്ടെന്നും അതിൽ ഏതെല്ലാം തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നുവെന്നും തരംതിരിച്ച് വ്യക്തമാക്കാമോ;

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം XI

[15-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 19(2636)-ന്റെ ഉത്തരം ദയവായി കാണുക]

| ക്രമ നമ്പർ | സെക്ഷൻ | വർക്കുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|
| | | എൽ. റ്റി. | എച്ച്. റ്റി. | |
| 1 | തൊടുപുഴ | .. | 17 | എ.പി.ഡി.ആർ.പി. |
| 2 | തൊടുപുഴ | .. | 16 | എ.പി.ഡി.ആർ.പി. |
| 3 | കരിമണ്ണൂർ | .. | 3 | |
| 4 | വണ്ണപ്പുറം | 2 | 3 | |
| 5 | മുലമറ്റം | 8 | 6 | |
| 6 | പൈനാവ് | 12 | 8 | |
| 7 | കട്ടപ്പന | 5 | 1 | |
| 8 | വണ്ടൻമേട് | .. | 7 | |
| 9 | നെടുങ്കണ്ടം | .. | 5 | |
| 10 | ചിത്തിരപുരം | 9 | 5 | |
| 11 | മറയൂർ | .. | 1 | |
| 12 | രാജകുമാരി | 15 | 4 | |
| 13 | അടിമാലി | 7 | 4 | |
| 14 | വണ്ടിപ്പെരിയാർ | 2 | 2 | |
| 15 | ഉപ്പുതറ | 3 | 1 | |
| 16 | പീരുമേട് | 2 | 2 | |
| 17 | രാജകുമാരി | .. | 6 | |

LIBRARY ARCHIVES Kerala Legislative Assembly